| ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു / പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തുന്നു. | ◆ സംഖ്യാചക്രം<br>◆ ഏണിയും പാമ്പും<br>◆ ഡയസ് കളി<br>◆ കച്ചവടക്കളി<br>◆ ഭാഗ്യവാനെ കണ്ടെത്താം | ➢ സംഖ്യാബോധം.<br>➢ സംഖ്യകൾ വായിക്കൽ,എഴുതൽ<br>➢ ആരോഹണ-അവരോഹണ ക്രമത്തിലാക്കൽ.<br>➢ പാറ്റേൺ പൂർത്തിയാക്കൽ.<br>➢ 1,10,100,1000 ന്റെ കൂട്ടങ്ങളാക്കൽ.<br>➢ സ്ഥാനവില പരിചയപ്പെടൽ,ഉറപ്പിക്കൽ. (അബാക്കസ്, സ്ഥാനവില പോക്കറ്റ്, അരവിന്ദ് ഗുപ്ത സ്ടിപ്പ്)<br>➢ സംഖ്യകളെ വ്യാഖ്യാനിക്കൽ.<br>➢ സംഖ്യ ചക്രം ഉപയോഗിച്ച് സംഖ്യാ നിർമ്മാണം(2,3,4 അക്കങ്ങൾ)<br>➢ അവതമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം,ഹരണം.<br>➢ അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>➢ വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>➢ ക്രിയ ചെയ്യാം.<br>➢ ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലായ്-മാർച്ച് |

| | | | |
|---|---|---|---|
| | ◆ ജോഡി കണ്ടെത്താം | ➢ വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>➢ കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>➢ കുട്ടികൾക്ക് കിട്ടിയ സംഖ്യ, ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം.<br>➢ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നൽകുന്നു.അവ പരിഹരിക്കുന്നു.(ചതുഷ്ക്രിയകൾ ഉൾപ്പെട്ടവ)<br>➢ കുട്ടി സ്വന്തമായി പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തുന്നു. | |
| സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരി ഹരിക്കുന്നു.<br><br>സമയദൈർഘ്യം ഊഹിച്ചു പറ യുന്നു. | ◆ സമയം കണ്ടെത്താം. | ➢ ക്ലോക്ക് നിർമ്മാണം.<br>➢ സൂചികൾ പരിചയപ്പെടൽ.<br>➢ സെക്കന്റ്,മിനിറ്റ്,മണിക്കൂർ ഇവ തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു.<br>➢ സമയം ക്ലോക്കിൽ ക്രമീകരിക്കുന്നു.<br>➢ am,pm ഇവ പരിചയപ്പെടുന്നു.<br>➢ സമയങ്ങൾ am,pm ൽ എഴുതുന്നു.<br>➢ രണ്ട് സമയങ്ങൾ തമ്മിലുള്ള ദൈർഘ്യം കണ്ടെത്തുന്നു.<br>➢ സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരി ഹരിക്കുന്നു. | സെപ്റ്റംബർ-ഒക്ടോബർ |
| | ◆ ഗണിത പഠനോപകരണ ശില്പശാല , ഗണിത കിറ്റ് | *പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം.<br>*ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ. | |

# ENGLISH

| Learning Outcomes | Activities | Activity Details | Duration |
|---|---|---|---|
| Develop discourses like Diary. | Diary writing-English. | ➢ Discussion about Diary.<br>➢ Features of a Diary.<br>➢ Distributing sample Diary.<br>➢ Note the Features of a Diary.<br>➢ Individual writing<br>➢ Writing in groups<br>➢ Teacher's version.<br>➢ Editing.<br>➢ Refinement.<br><br>Slow Learners.<br><br>➢ Gives opportunity to express their idea in Malayalam. | June-March |
| Improve the ability to read, speak, and write English effectively. | English Assembly.<br><br>Reading Corner.<br><br>Reading Cards.<br><br>Readers Theatre. | * Conduct Assembly in English.<br><br>* Set a reading corner with selected English books and reading cards. | Weekly once. |

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 334

# പുരുഷൻ നീതിക്കയോഗ്യനോ?

അതിജീവിത സമൂഹത്തിലെ-
സാധു സ്ത്രീയേ,
നീയറിയുമോ എന്നിലെ മനുഷ്യനെ?
ഞാനും നിങ്ങളിലൊരുവൻ....
അതിജീവിതരിലൊരുവൻ!

കാമകീടങ്ങളിലിരയായെരിഞ്ഞ നീ-
അതിജീവിതയെങ്കിൽ ഞാനാരാണ്?
ഒരു പരിഹാസപാത്രമോ?
കേവലമൊരു പരിഹാസപാത്രമോ?
ഹാ ജീവിതമേ,
നിനക്കെത്ര വേർതിരിവുകൾ!

നീ നഗ്നയായപോലെ ഞാനും നഗ്നനായി....
നീ പിടഞ്ഞതുപോലെ ഞാനും പിടഞ്ഞു....

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

നീ സഹിച്ച വേദനകളും
നിന്നിലേൽപിച്ച യാതനകളും
ഞാനുമതുപോലെയേറ്റുവാങ്ങി..
എന്നിട്ടുമിന്ന് നീമാത്രമതിജീവിത;
ഞാനഭിശപ്തനും!
ഹാ ലോകമേ,
നിന്നിലെന്തേ വൈരുധ്യം!

നീയൊന്നുറക്കെപ്പറയുക;
ഒരു കഴുകൻ നിന്നെ കൊത്തിക്കീറിയെന്ന്!
ഈ സമൂഹം നിന്റെ മുറിവുകളി-
ലുമ്മ വെക്കും; കഴുകന്റെ പക്ഷങ്ങളരിഞ്ഞു വീഴ്ത്തും.
എന്നാൽ ഞാനൊന്നുറക്കെപ്പറയട്ടെ;
ഞാനനീതിക്കിരയാക്കപ്പെട്ടുവെന്ന്
ഈ സമൂഹമെന്നെ കല്ലെറിയും;
എന്റെ ആത്മാവിനെ തച്ചുടക്കും:
കാരണം ഞാൻ പുരുഷനാണ്;
നീതിയോഗ്യനല്ലാത്തവൻ

ഹാ സമൂഹമേ,
നിനക്കെന്തിനു രണ്ടു മുഖം ?

നീയെന്നും സംരക്ഷിക്കപ്പെടേണ്ടവളാണ്...
ഞാൻ സംരക്ഷിക്കേണ്ടവനും..
എന്നെ സുരക്ഷിതനാക്കുവാനീ-
സമൂഹത്തിന് നേരമില്ല; ഒരിക്കലും..
കാരണം ഞാൻ പുരുഷനാണ്.
കാരുണ്യത്തിനർഹനല്ലാത്തവൻ !
ഹാ നീതിദേവതേ,
നിന്റെ തുലാസ്സിലെത്ര തരംതിരിവുകൾ..

നീ കണ്ണീർ പൊഴിക്കുക
നിന്റെ വേദനയിലലിഞ്ഞു തീരട്ടെ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 334

~~[illegible]~~

~~[illegible]~~

~~ഞാനൊരു പാ~~

നീയറിയുമോ എന്നിലെ മനുഷ്യനെ?

ഞാനുമെന്നിന്നിലൊരുവൻ...

അതിജീവിവിതരിലൊരുവൻ...

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

## ഒന്ന് കേൾക്കൂ

നക്ഷത്രങ്ങളാൽ തിളങ്ങുമേറിയ
ആ രാത്രിയിൽ.....
ദൂരെദൂരെനിന്നാവിടവൻ-
നോക്കിക്കണ്ടുനിന്നു
ചേതനയറ്റ തൻ ശരീരം ദർശിച്ച്.
അടുത്തുനിന്ന
ദൈവങ്ങളോടായവൻ ചോദിച്ചു...
ഞാൻ മരിച്ചല്ലേ.....

ഒരു ചെറുപുഞ്ചിരിയു-
മനുത്തരമായ് ദൈവം കൊടുത്തു
ആ മൃഗമെന്റെ
ജീവനപഹരിച്ചു.....
ഞാനെന്തുതെറ്റതിനോട്
ചെയ്തു ?...
പരിഭവോടൊപ്പമവന്റെ
നയനങ്ങളും നിറഞ്ഞു...

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

കരഞ്ഞുകലങ്ങിയ അവന്റെ മുഖം
തന്റെ കൈകളാൽ തലോടിക്കൊണ്ട-
വനോടായി ദൈവം പറഞ്ഞു.
കാട് കയ്യേറി വീട്കെട്ടിപ്പടുത്ത്
കാട് നിന്റെ വീട്ടിക്കിറങ്ങിയതെന്തിന്?
ഇന്നലെയുറവാലും ചുടുകണ്ണീരാലും
നിൻ വീട് നിറഞ്ഞു...
പക്ഷേ, നിൻ വീടുകാർ കേട്ടിരുന്നോ..
ഒരു പാവത്തിന്റെ രോദനം...
ആ മിണ്ടാപ്രാണിയുടെ രോദനം...
സ്വസുഖംമാത്രംനോക്കി ജീവിച്ച മനുഷ്യാ...
ഇനി അവർ പറയട്ടെ...
ആ മിണ്ടാപ്രാണികൾ പറയട്ടെ...
നീയൊന്നു ചെവിയോർക്കൂ...
പ്രാണവേദനയാൽ പിടയുന്ന
അവയുടെ കണ്ണുകൾ
നിൻഹൃദയംകൊണ്ടുനീ ദർശിക്കൂ...

വേർപാടിന്റെ കഥകേൾക്കൂ...
ആക്രന്ദനത്തിന്റെ കഥകേൾക്കൂ...
തീരാവേദനയുടെ കഥകേൾക്കൂ...
മനസ്സിലെ മുറിവിന്റെ കഥകേൾക്കൂ...
അല്ലയോ മനുഷ്യാ...
ഇനി നീ ചിന്തിക്കൂ...
ഒരു ഭ്രാന്തനെപോലെ ചിന്തിക്കൂ...
തെറ്റുചെയ്തതും നീയല്ലേ...
കൊലചെയ്തതും നീയല്ലേ...
അവരുടെവേദനയെന്തേ -
നീ കേൾക്കാതെപോയ്?
അവർപിടയുന്നതെന്തേ
നീ കാണാതെപോയ്?
നീയത് കേട്ടിരുന്നെങ്കിൽ...
നീയത് കണ്ടിരുന്നെങ്കിൽ...
ഒരുകൂട്ടം മിണ്ടാപ്രാണികളി-
ലോകത്തോട് വിടപറയില്ലായിരുന്നു....

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 336

# ഇനി അവർ പറയട്ടെ

വൃദ്ധസദനത്തിൻ കോണിപ്പടി -
ക്കെട്ടുകൾക്കിടയിൽ നിന്നുയരുന്നു
അമ്മതൻ തേങ്ങലുകൾ...
ഇരുട്ടിന്റെ മധ്യത്തിലത് വാവിട്ടുകരയലിലേക്കും...

തലതാഴ്ന്നിരിക്കും കുന്നിക്കുടിനിന്ന്
മലങ്കില കൊങ്ങിണിയും, ആ മണിമുല്ലയും
അമ്മതൻ അലമാരകൾക്കിടങ്ങളെ
ഞെട്ടിത്തരിച്ചാകെ നിൽക്കുകയായ്

അരുണന്റെ കിരണങ്ങൾ ജാ-
ലകക്കമ്പിക്കിടയിലൂടെ അമ്മതൻ
കണ്ണുനീരിനെ പുൽകലിൽ
അസ്വസ്ഥതകളാണിപ്പോൾ

മക്കൾതൻ സ്നേഹത്തിൻ-
അമൃതം നുകരുവാൻ കൊതിയാകുന്നു -

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

എന്ന വിവരം മധുരങ്ങളെ
കൈ തട്ടി വിളിച്ചിടും ഓർമ്മകളായ് ...

അയ്യോ! അത് മുല്ലയിലും പിച്ചി-
യിലും വാടാർമല്ലിയിലും ഇല്ലല്ലോ ...
കൈമലർത്തുന്നു കൊച്ചു മധുര-
ങ്ങൾ

അമ്മതൻ കണ്ണീരിൻ ഗന്ധം ലഭി-
ച്ചോരാ ഉണങ്ങിക്കരിഞ്ഞ പൂവള്ളിയും
ജാലകങ്ങൾക്കിടയിലൂടെ മന്ദം, മന്ദം
നോക്കുകയായ്.

തൻ മണിക്കുട്ടനെയും ഉണ്ണിക്കുട്ടനെയും
കാത്ത് ഏങ്ങിവലിഞ്ഞുള്ള നോട്ടവും ...
ആരും വരുന്നില്ലെന്ന മട്ടിൽ കൊങ്ങിണികൾ
തലയാട്ടുകയായ് നിശ്ചലം

അമ്മയുടെ വേവലാതികളും, സങ്കടങ്ങളും

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

എല്ലാം കേട്ടിരിക്കാനിന്നവരാരാ
റാണിമാർ ചെമ്പകത്തിനും തന്നെയല്ലോ!
കേട്ടു കേട്ടു മടുത്ത കഥകൾ അമ്മതൻ
ആശ്വാസത്തിനായ് കേട്ടിരിക്കുകയാണോ പൂവാടിയാകെയും....

മുത്തശ്ശൻ കുട്ടിക്കാലകഥകൾ വീണ്ടും... വീണ്ടും
കേട്ടിരിക്കുകയാണോ, പിച്ചിയും, മുല്ലയും, ചെമ്പകവും
ആ കൊച്ചു പൂർവല്ലിയും പിന്നെ തൊട്ടു തലോടി
ആശ്വസിപ്പിക്കുകയുമാണെന്നോ..

പൂക്കളെല്ലാവരും പരസ്പരം മന്ത്രിക്കുകയായ്..
ഇനി അവർ പറയട്ടെ, 'ഈ സ്നേഹത്തിൻ നിറകുടം
വീണുടച്ചിട്ട് ആത്മസംതൃപ്തി അടഞ്ഞുവോ നിങ്ങൾ?
ഇനി അവർ തന്നെ പറയണം. അമ്മയെ വൃദ്ധസദനത്തിൽ
കൊണ്ടെറിഞ്ഞപ്പോഴെങ്കിലും ജന്മസാഫല്യം കൈവരിച്ചുവോ നിങ്ങൾ?

ഇത് ശ്രവിച്ചിട്ട് പൊട്ടിക്കരഞ്ഞമ്മ,
മന്ത്രിച്ചു... 'ഇനി അവർ പറയട്ടെ'... 'അമ്മ' എന്ന
രണ്ടക്ഷരത്തിനർത്ഥമെന്തെന്ന് .......

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 337

ഉണ്ടായിരുന്ന് കൾ

നന്മയില്ലെ അവളും പിന്നെ ഞങ്ങളും

തോരണങ്ങളിൽ നൂല് പിടിച്ച്
ആകാശം തൊടുന്നില്ലെങ്കിൽ
അദൃശ്യമായ് തട്ടിമറിക്കുന്നില്ലെങ്കിൽ
നിങ്ങൾ അവളല്ല.

ഇരുട്ടിൽ കറുപ്പ്പോലെ
പണിയെടുക്കുന്ന പെണ്ണിനെ
ചോറിൽ നിറയ്ക്കുന്നില്ലെങ്കിൽ
നിങ്ങൾ അവളല്ല.

മണ്ണിനെ മണ്ണിൽ
ചുവടെ വിടരുന്നില്ലെങ്കിൽ
തുലാമഴക്കാലത്ത് പുതുമഴ പൊഴിക്കുന്നില്ലെങ്കിൽ
കൈയ്യിൽ പിടിച്ച് മുട്ടി മുട്ടുന്നില്ലെങ്കിൽ
നിങ്ങൾ അവളല്ല.

Item Code: 639 Participant Code: 337

കണ്ണാടിയിലെ ആ

ഞാനാണ്

അനുഭവിച്ചറിയുകയാണെന്ന്

അനുഭവപ്പെടുന്നതിന്

മുന്നേതന്നെ

ഉറങ്ങിപ്പോകുന്നവനാണവൻ

കണ്ണടച്ചാലും

ഒടിവുകളും, അനുഭവ നേട്ടങ്ങളും

ആഴം കാണുന്നവനാണവൻ

അന്ന് ഒരു [illegible]

അതിനാൽ വിധിക്കുന്നവൻ

ഇനിയും മണ്ണായി മാറിയെന്നാണ് മനുഷ്യൻ

നിലനിൽപ്പിന്റെ നാടകത്തിൽ

കിടന്നാടിയിട്ട് അവൻ പറയുന്നു

"എന്നും മനുഷ്യനാണ് ഞാൻ"

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

Item Code: 639 Participant Code: 338

വാക്കുകൾ ഉണർന്നിരിക്കുമ്പോൾ...

"ഇത് നിശബ്ദരാക്കപ്പെട്ടവരുടെ രാത്രി"
അയാൾ ഞെട്ടിയുണർന്നു.
ചുറ്റും ജീവനുള്ള
പ്രേതങ്ങൾ...
രക്തസാക്ഷിയായ മരം
വേരുകളാൽ
അയാളെ
വരിഞ്ഞുമുറുക്കി
ശ്വാസം മുട്ടിച്ചു...
നീരുറവ
ചോരയാൽ
ആയിരം കിനാച്ചിത്രങ്ങൾ
വരച്ചിട്ടു...
മലകൾ
മുറിഞ്ഞുപോയ ഇടങ്ങൾ
വേദനയാൽ
കരഞ്ഞു...

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 338

വിരുന്നൊരുക്കാൻ
വിധിക്കപ്പെട്ട
അടിമകളായ
നെൽക്കതിരുകൾ
മെതിക്കുന്നവൻ
തലയാട്ടി...
കാഴ്ച വസ്തുവായ മൃഗം
കഴുത്തിൽ
നോവമർത്തി...
സ്വർണ്ണക്കൂട്ടിലെ കിളി
സ്വാതന്ത്ര്യത്തിന്റെ
പാട്ടുകൾ പാടി...
മരുഭൂമിയിൽനിന്നെത്തിയ
ഒട്ടകം കണ്ണിൽ
മണൽ
വാരിവിതറി
അയാളെ അന്ധനാക്കി . .
ധ്രുവങ്ങളിൽനിന്ന്

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 338

ചിറക്കരടി
മണ്ണായി
ഉരുകി...
വീട്ടിലേക്കുള്ള വഴി
കാട്ടിത്തന്നൊരാത്തിണ്ണ
അയാളുടെ ചോദ്യം
അവരുടെ കണ്ണിൽ
കനലായി...
ഇന്നിപ്പനിമിഷം
തൊട്ടുകൂടാത്തവരെന്ന്
മുദ്രകുത്തപ്പെട്ടവർ
തെയ്യങ്ങളായ്
ഉറഞ്ഞു...
താലിച്ചരടിനാൽ
ചേർത്തുകെട്ടിയ
വിധി ഉരുവാക്കി,
സിന്ദൂരച്ചുവപ്പ്
ലക്ഷ്മണരേഖയാക്കി

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 338

ജീവപര്യന്തത്തടവുകാരിയായവരുടെ
നിശ്വാസങ്ങൾ...
മണ്ണിലൂന്നവർ,
ചിറക് കരിഞ്ഞവർ,
അന്യായങ്ങളുടെ
ചിലന്തിവലകളിൽ
പിടയുന്നവർ
അവർക്ക് വഴികാട്ടി..
മനുഷ്യർക്കെതിരെ
യുദ്ധകാഹളം
മുഴക്കാൻ
ആ സമരക്കാർ
ഉച്ചഭാഷിണിയുമായി
പുറത്തിറങ്ങി...
ആ പച്ചയായ
ദുഃസ്വപ്നത്തിൽനിന്ന്
അയാൾ ഞെട്ടിയുണർന്നു...

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 338

കണ്ണും ചെവിയും വായും
പൊത്തിയിരിക്കുന്ന
കുരങ്ങുകളുടെ
പ്രതിമ
എറിഞ്ഞുടച്ചു...
കണ്ണ് ചൂഴ്ന്നെടുത്ത്
ചെവിയരിഞ്ഞ്
നാക്ക് പിഴുതെടുത്ത്
അവ ഓടുകയറി...
ആ നിമിഷം
അയാൾ നിശബ്ദനായി!

എന്ത് ഭയാനകമായ
ആകസ്മികത!
എന്റെ പേനയുടെ
മഷി വറ്റിക്കഴിഞ്ഞു...
ബാക്കി അവർ
പൂർത്തിയാക്കട്ടെ...

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 339

വിഷയം - ഇനി അവർ പറയട്ടെ

# പുനർജ്ജന്മം

ആയിരമാധികൾ ചിത്തത്തിൽപേറി-
ഞാൻ ആശുപത്രി പടികളോരോന്നായെണ്ണി
ഓരോ പടിയിലും പാദം പിടയുമ്പോൾ
വിശ്വാസക്കാറ്റിൽ ഞാൻ കുളിരുകൊണ്ടു.
മങ്ങിയാവെട്ടത്തിലായിരംപമുറ
പമ്മി പതുങ്ങിയെന്നെ തേടിയെത്തി.
മിഴികളിലണയുന്നവിന്നും കിനാവുകൾ
പറയാനെയറിയാതെ മാഞ്ഞുപോയി.

കൈകൾ വിറച്ചാലും, ഹൃദയം പിടഞ്ഞാലും
സധൈര്യമാസത്യത്തിലെത്തി ഞാനും
വഴിയി അക്ഷികൾത്തിരുതാണുവാൻ
ഭ്രൂജന്മയും പിന്നോട്ട് നീങ്ങി പള്ളു

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ശക്തികളോരോന്നായ് ക്ഷയിക്കവെ
പടകളില്ലാത്തൊരു പാമരനായ്,
സ്വന്തങ്ങളില്ലാത്ത യാചകനായ്,
പച്ചയാം മനുഷ്യനായ് മാറിഞാനനേരം

കിടക്കുന്നുവെന്റെ പ്രാണന്റെ പാതി
പ്രാണവായുവിനായ് മൽപിടിച്ച്
പിച്ചിച്ചീന്തപ്പെട്ടാദേഹം മുഴുവൻ
തുന്നിയെടുപ്പിക്കാൻ വൈദ്യർ ശ്രമിക്കുന്നു.
ആശ്വാസവാക്യങ്ങളായിരമെത്തി
പകലിൻചൂടിൽ ഞാനതിൽ പാർക്കാം
നിശയുടെ കാർന്നുതിന്നുന്ന ഏകാന്തതയിലോ?
ഉത്തരമില്ലാത്ത ചോദ്യങ്ങളായിരം എന്നിലെത്തി

ഓർമ്മകളോ? എന്താണവ?
മൺതരിയെപോലുമുണർത്താതെ
നാം നടന്നേറിയപ്പോൾ പതിഞ്ഞ കാൽപ്പാടോ
നിൻ ഹൃദയമിടിപ്പിൽ ഞാൻ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ശ്വസിക്കുന്നുവെന്ന തിരിച്ചറിവോ?
നിന്നിലായിരുന്നുവെൻ
ഭൂമിതൻജീവനെന്ന യാഥാർത്ഥ്യമോ ?
അറിയില്ലയോമനേ ഞാനൊന്നും

ഒരിഞ്ചുവിടാതെഞാൻ മുത്തങ്ങളേകിയ
ആ ദേഹത്തിലിന്ന് ചോരപ്പാടുകൾ
നിത്യവും ഞാൻകോതിയൊതുക്കിയ
ആ കാർകൂന്തലിൻ പാതിയും മറ്റേതോ കരങ്ങളിൽ
എൻ കണ്ണീരേറ്റുവാങ്ങിയിരുന്നാ മാറിൽ
വൈദ്യനിന്ന് ജീവനെ തേടുന്നു
ഞാൻ താങ്ങും പിടിച്ചിരുന്നാ നിശ്വാസം
ഇന്ന് താളമറിയാതെയൊഴുകുന്നു.

ആരെന്നറിയില്ലയെന്തിനെന്നറിയില്ല,
ആർത്തിപൂണ്ട് ചേണേറിയാമേനിയിൽ
മനുഷ്യമൃഗത്തിന്റെ ചോരയും ഗന്ധവും
ഏറ്റുവാങ്ങുമ്പോഴവൾ വിലപിച്ചിരിക്കും

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 337

ഒരിക്കലെങ്കിലും ഒരു
ദാഹാർത്തൻ
അലഞ്ഞുതളർന്നവനായ്

അഭയാർത്ഥിക്യാമ്പുകളിൽ നിന്ന്
പുറന്തള്ളപ്പെട്ടവൻ
ഉപേക്ഷിക്കപ്പെട്ടവനാണവൻ

ഒരാളെങ്കിലും
ജീവിതങ്ങൾക്ക്, സ്വപ്നങ്ങൾ നേടാനും
സ്വന്തം അന്യനായവനാണവൻ

ഇന്ന് ഒറ്റപ്പെട്ടവരായവരെ
മുറുക്കി പിടിച്ചവൻ
ഇനിയും മരിക്കാൻ മടിക്കുന്നവനാ മനുഷ്യൻ
നിങ്ങളുടെയെല്ലാം നാശത്തിൽ
ഒരിക്കലെങ്കിലും അവൻ പറയട്ടെ
"ഞാനും മനുഷ്യനാണ്"

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 338

വാക്കുകൾ പുനർജനിക്കുമ്പോൾ...

"ഇത് നിശബ്ദരാക്കപ്പെട്ടവരുടെ രാത്രി"
അയാൾ ഞെട്ടിയുണർന്നു.
ചുറ്റും ജീവനുള്ള
പ്രേതങ്ങൾ...
രക്തസാക്ഷിയായ മരം
വേരുകളാൽ
അയാളെ
വരിഞ്ഞുമുറുക്കി
ശ്വാസം മുട്ടിച്ചു...
നീരുറവ
ചോരയാൽ
ആയിരം കിനാച്ചിത്രങ്ങൾ
വരച്ചിട്ടു...
മലകൾ
മുറിഞ്ഞുപോയ ഇടങ്ങൾ
വേദനയാൽ
കരഞ്ഞു...

(This page will be scanned to publish the article in Schoolwiki, So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 338

കണ്ണും ചെവിയും വായും
പൊത്തിയിരിക്കുന്ന
കുരങ്ങുകളുടെ
പ്രതിമ
എറിഞ്ഞുടച്ചു...
കണ്ണ് ചൂഴ്ന്നെടുത്ത്
ചെവിയരിഞ്ഞ്
നാക്ക് പിഴുതെടുത്ത്
അവ നാടുകയറി...
ആ നിമിഷം
അയാൾ നിശബ്ദനായി!

എത്ര ഭയാനകമായ
ആകസ്മികത!
എന്റെ പേനയുടെ
മഷി വറ്റിക്കഴിഞ്ഞു...
ബാക്കി അവർ
പൂർത്തിയാക്കട്ടെ...

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 339

വിഷയം - ഇനി അവർ പറയട്ടെ

# പുനർജന്മം

ആയിരമാധികൾ ചിത്തത്തിൽപേറി-
ഞാൻ ആശുപത്രി പടികളോരോന്നായെണ്ണി
ഓരോ പടിയിലും പാദം പിടയുമ്പോൾ
വിശ്വാസക്കാറ്റിൽ ഞാൻ കുളിരുകൊണ്ടു.
മങ്ങിയാവെട്ടത്തിലായിരമപമൃ
പമ്മിപ്പതുങ്ങിയെന്നെ തേടിയെത്തി.
മിഴികളിലണയുന്നവിന്നും കിനാവുകൾ
പറയാതെയറിയാതെ മാഞ്ഞുപോയി.

കൈകൾ വിറച്ചാലും, ഹൃദയം പിടഞ്ഞാലും
സധൈര്യമാസത്യത്തിലെത്തി ഞാനും
വഴിയി അക്ഷികൾത്തിരുകാണുവാൻ
ആജ്ഞയും പിന്നോട്ട് നീങ്ങി പക്ഷേ

ശക്തികളോരോന്നായ് ക്ഷയിക്കവെ
പടകളില്ലാത്തൊരു പാമരനായ്,
സ്വന്തങ്ങളില്ലാത്ത യാചകനായ്,
പച്ചയാം മനുഷ്യനായ് മാറിഞാനന്നേരം

കിടക്കുന്നുവെന്റെ പ്രാണന്റെ പാതി
പ്രാണവായുവിനായ് മൽപിടിച്ച്
പിച്ചിചീന്തപ്പെട്ടാദേഹം മുഴുവൻ
തുന്നിയെടുപ്പിക്കാൻ വൈദ്യർ ശ്രമിക്കുന്നു.
ആശ്വാസവാക്യങ്ങളായിരമെത്തി
പകലിൻചൂടിൽ ഞാനതിൽ പാർക്കാം
നിശയുടെ കാർന്നുതിന്നുന്ന ഏകാന്തതയിലോ?
ഉത്തരമില്ലാത്ത ചോദ്യങ്ങളായിരം എന്നിലെത്തി

ഓർമ്മകളോ? എന്താണവ?
മൺതരിയെപോലുമുണർത്താതെ
നാം നടന്നേറിയപ്പോൾ പതിഞ്ഞ കാൽപാടോ
നിൻ ഹൃദയമിടിപ്പിൽ ഞാൻ

ശ്വസിക്കുന്നുവെന്ന തിരിച്ചറിവോ?
നിന്നിലായിരുന്നുവെൻ
ഹൃദിതൻജീവനെന്ന യാഥാർത്ഥ്യമോ ?
അറിയില്ലയോമനേ ഞാനൊന്നും

ഒരിഞ്ചുവിടാതെ ഞാൻ മുത്തങ്ങളേകിയ
ആ ദേഹത്തിലിന്ന് ചോരപ്പാടുകൾ
നിത്യവും ഞാൻ കോതിയൊതുക്കിയ
ആ കാർകൂന്തലിൻ പതിയും മറ്റേതോ കരങ്ങളിൽ
എൻ കണ്ണീരേറ്റുവാങ്ങിയിരുന്നാ മാറിൽ
വൈദ്യനിന്ന് ജീവനെ തേടുന്നു
ഞാൻ താളം പിടിച്ചിരുന്നാനിശ്വാസം
ഇന്ന് താളമറിയാതെയൊഴുകുന്നു.

ആരെന്നറിയില്ലയെന്തിനെന്നറിയില്ല,
ആർത്തിപൂണ്ട് ചേക്കേറിയാമേനിയിൽ
മനുഷ്യമൃഗത്തിന്റെ ചോരയും ഗന്ധവും
ഏറ്റുവാങ്ങുമ്പോഴവൾ വിലപിച്ചിരിക്കും

ആളുകളോരോന്നായെത്തി തുടങ്ങി,
പെണ്ണിനെ നന്നാക്കാനുള്ള ദൗത്യവുമായ്
സംഘടനകളോരോന്നായ് ജാഥകൾ തുടങ്ങി
എന്ത് ധരിച്ചു ? എന്ത് നിനച്ചു
അലറിക്കരഞ്ഞില്ലേ ? രക്ഷയെത്തിയില്ലേ ?

സൂര്യകിരണങ്ങളോരോന്നായ് പോയിട്ടും
എന്തിനാ വഴിയിൽ കാത്തുനിന്നു
സൂര്യനെ ഭയക്കണം, നോട്ടങ്ങൾ സഹിക്കണം
പണ്ടേ കേട് ഇലക്ക് തന്നെ
പോകുന്ന ദിശകളോരോന്നായ് മാറണം
മനമല്ലേ, മകളല്ലേ, മണവാട്ടിയല്ലേ
മധുവൂറും വാക്യങ്ങളെത്രയെത്ര
എന്നിട്ടുമടിയോടടുക്കുമ്പോഴെന്തിത്ര കയ്പ്പ്!

അശുദ്ധയെന്നപ്പുത്തുകാമുവന്നുതന്നെ
അറപ്പോടെ നോക്കുകാഴ്ചിവിടെ
സകലപരീക്ഷയും താണ്ടിയെത്തിയ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 339

മിഥിലാകുമാരിയെ ഉപേക്ഷിച്ചപോൾ
കൗരവസഭയിൽ വലിച്ചിഴച്ച
തൊട്ടാൽപൊള്ളുന്ന ദൈവാഗ്നിയെപോൽ
പ്രകൃതിയെപോലും വിടാത്തയീസമൂഹത്തിൽ
അജ്ഞയാമി പെണ്ണിന്നെന്തുവില!

ഒരു കടിച്ചിറക്കിചവച്ചരച്ച്
തുപ്പികളഞ്ഞാലും
അവിടെനിന്നും പുതുനാമ്പുവെട്ടുന്ന്
പടർന്നുകയറുന്ന ഓർമ്മകൾക്ക്,
ആണിന്റെ കണ്ണീരിനും,
പെണ്ണിന്റെ മാനത്തിനും
വിലയിടാൻ പണ്ടേ എന്തിത്ര തിടുക്കം?
എന്തിത്ര തിരക്ക്?

പെട്ടന്ന് കനവിൽനിന്ന് വഴുതിവീണവണ്ണം
അമർത്തിപിടിച്ചവളെൻ കൈകളിൽ
ദയയിരക്കും നോട്ടമൊന്നെയ്തവൾ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 339

കണ്ണുകൾമാറ്റി ഞാൻകണ്ടുനിക്കാനാകാതെ
പാദസ്വരനാദങ്ങളിൽ ഞാൻ ലയിച്ചിടുന്ന
കാൽപനികലോകത്തെത്തന്നെയുലച്ചിടുന്ന
എന്നെ സ്നേഹത്താൽ പൊതിഞ്ഞിടുന്ന
ആ പെൺകൊടി തന്നെയല്ലേ നീ

ഒരു നിമിഷംപോലും പാഴാക്കിയില്ല
മാറോട്ചേർത്തു ഞാനെൻ ജീവനെ
ഇനിയവർ പറയട്ടെയെൻ കർണ്ണങ്ങൾ തോറും
ഒന്നുമല്ലയെനിക്കവ ഇവൾക്കുമുന്നിൽ
ആ അനീതിയിൽ നീതിയായ്
ആ അന്ധകാരത്തിൽ വെട്ടമായ്
ആ നിശബ്ദതയിലെ നാദമായ്
അവളുണർന്നുവെന്നുതിജ്വാലയായ്

× ～～～～～～ ×

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

# വിലങ്ങുകളല്ല!

കൂടിന്റെ അഴികളിൽ
ഒതുങ്ങുന്നതാണ് മോഹമെങ്കിൽ,
ഇരുടെ വീഥിയിൽ
വളർന്നതാണ് ഭാവിയെങ്കിൽ,
പറന്നു നടക്കുവാൻ
നിലച്ചതാണ് സ്വപ്നമെങ്കിൽ,
വെളിച്ചം വിതയ്ക്കുവാൻ
തുനിഞ്ഞതാണ് പാപമെങ്കിൽ,
നിന്റെ ശിക്ഷയിൽ നീ
എന്നെ വലിച്ചെറിഞ്ഞതെന്തേ?
നിന്റെ കാൽച്ചുവട്ടിൽ നീ
എന്നെ തളച്ചിട്ടതെന്തേ?
നീ കരുതിടുന്ന
പാവം പെണ്ണല്ല ഞാൻ,
നീ നിനച്ചിടുന്ന
നുറുങ്ങുന്നവളല്ല ഞാൻ,

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 340

നീ പാടിടുന്ന
വീണാവീണയല്ല ഞാൻ,
നീ കനവു കണ്ട
ദിവാസ്വപ്നമല്ല ഞാൻ,
നിന്റെ നേരെ വരും
വെള്ളിമിന്നലാണ് ഞാൻ,
നിന്നെ തേടി വരും
ഇരുട്ടിന്റെ ഉയിരാണ് ഞാൻ,
നിന്നെ ഉണർത്തിടുന്ന
തീജ്വാലയാണ് ഞാൻ,
കാലത്തിന്റെ കവിതയിലെ
സൗന്ദര്യമാണ് ഞാൻ!

പറഞ്ഞു തീർക്കാനാവാത്ത വേദനകൾ,
മുറിവേറ്റിടുന്ന ആത്മാക്കളെ നീ ഓർക്കുക!
എരിഞ്ഞു തീർക്കാനാവാത്ത ജീവനെ,
മനുഷ്യനായി കാണൂ നീ അറിയുക!

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 341

## ഒന്ന് ഓർക്കൂ

നക്ഷത്രങ്ങളാൽ തിളക്കമേറിയ
ആ രാത്രിയിൽ.....
ദൂരെദൂരെനിന്നാവിടവൻ-
നോക്കിക്കൊണ്ടുനിന്നു
ചേതനയറ്റ തൻ ശരീരം ദർശിച്ച്-
അടുത്തുനിന്ന
ദൈവത്തോടായവൻ ചോദിച്ചു...
ഞാൻ മരിച്ചല്ലേ.....

ഒരു ചെറുപുഞ്ചിരിയ-
വനുത്തരമായ് ദൈവം കൊടുത്തു
ആ മൃഗമെന്റെ
ജീവനപഹരിച്ചു.....
ഞാനെന്തുതെറ്റിനോട്
ചെയ്തു ?...
പറഞ്ഞതിനോടൊപ്പമവന്റെ
നയനങ്ങളും നിറഞ്ഞു...

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 341

കരഞ്ഞുകലങ്ങിയ അവന്റെ മുഖം
തന്റെ കൈകളാൽ തലോടിക്കൊണ്ട്-
വനോടായി ദൈവം പറഞ്ഞു.
കാട് കയ്യേറി വീട്കെട്ടിപ്പടുത്ത്
കാട് നിന്റെ വീടാക്കിമാറ്റിയതെന്തിന്?
ഇന്നലെയുറവയാലും ചുടുകണ്ണീരാലും
നിൻ വീട് നിറഞ്ഞു...
പക്ഷെ, നിൻ വീടുകാർ കേട്ടിരുന്നോ..
ഒരു പാവത്തിന്റെ രോദനം...
ആ മിണ്ടാപ്രാണിയുടെ രോദനം...
സ്വന്തസുഖം മാത്രം നോക്കി ജീവിച്ച മനുഷ്യാ...
ഇനി അവർ പറയട്ടെ...
ആ മിണ്ടാപ്രാണികൾ പറയട്ടെ...
നീയൊന്നു ചെവിയോർക്കൂ...
പ്രാണവേദനയാൽ പിടയുന്ന
അവയുടെ കണ്ണുകൾ
നിൻഹൃദയംകൊണ്ടുനീ ദർശിക്കൂ...

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 341

വേർപാടിന്റെ കഥകേൾക്കൂ...
ആത്മഹനനത്തിന്റെ കഥകേൾക്കൂ...
തീരാവേദനയുടെ കഥകേൾക്കൂ...
മനസ്സിലെ മുറിവിന്റെ കഥകേൾക്കൂ...
അല്ലയോ മനുഷ്യാ...
ഇനി നീ ചിന്തിക്കൂ...
ഒരു ഭ്രാന്തനെപ്പോലെ ചിന്തിക്കൂ...
തെറ്റുചെയ്തതും നീയല്ലേ...
കൊലചെയ്തതും നീയല്ലേ...
അവരുടെവേദനയെന്തേ —
നീ കേൾക്കാതെപോയ്?
അവർപിടയുന്നതെന്തേ
നീ കാണാതെപോയ്?
നീയത് കേട്ടിരുന്നെങ്കിൽ....
നീയത് കണ്ടിരുന്നെങ്കിൽ...
ഒരുകൂട്ടം മിണ്ടാപ്രാണികളീ-
ലോകത്തോട് വിടപറയില്ലായിരുന്നു....

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 342

## ഇനി അവർ പറയട്ടെ

### തെരുവിന്റെ ദുഃഖം

കാലം കുതിക്കുകയാണിന്നൊരു
പടക്കുതിരയെന്ന പോൽ....
കാലത്തിൻ തീവ്രതയിൽ
പല മാറ്റ തിരകളും
എവിടേക്കോ മറഞ്ഞു പോയ്...
പുതുമ വന്ന് പഴമയകലുമ്പോഴും
പഴമയെ പുതുതാക്കി മിനുക്കുമ്പോഴും
തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവരെ
ആരും കാണുന്നില്ല...
അവരുടെ വിശപ്പിന്റെ നിലവിളി
ആരും കേൾക്കുന്നില്ല....
കേൾക്കുവാൻ കാതോർക്കുന്നില്ല...
വിശപ്പിനവരുടെ കണ്ണുനീർ....
ദുഃഖിതനവരുടെ വേദന....

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

അടങ്ങാനാവർക്കീ തെരുവ്...
നിന്റെ ആർദ്ര ലോകത്തി-
ലൊന്നുമൊട്ടേലും അവരില്ല...
കോരിച്ചൊരിയുന്ന മഴയിലും
ചുട്ടു പൊള്ളുന്ന വേനലിലും
വീശിയടിക്കുന്ന കാറ്റിലും
അവർക്കൊരേ വികാരം മാത്രം
വിശക്കുന്ന വികാരം മാത്രം
വിശക്കുന്ന വേദം പഠിച്ചവന്
ആകാശമില്ല... ഭൂമി മാത്രം
അവന്റെ ആകാശം എന്നുമെങ്ങോ
ഭൂമി മാത്രമായ് ഒതുങ്ങുന്നു...
അവന് മാത്രമായ് തീർന്ന
ലോകത്തവൻ ഏകനാണ്...
ഇനി അവർ പറയട്ടെ....
കാലചക്രമേറെ തിരിയെ
കാതങ്ങളോളം...
എത്ര പൂമൊട്ടുകൾപോലും...

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 342

അവരുടെ കണ്ണീരാകുന്ന
ഹൃദയത്തിൻ തുടിപ്പുകൾ
വല്ലാതെ നിലക്കൊള്ളുന്നു......
അത്രമേൽ തീവ്രമായിരുന്നു.....
ആ വികാരം.... വിശപ്പെന്ന വികാരം
ആ ശബ്ദം.... ഉയിരുടെ ക്രൂര
ശബ്ദം.... ആ വയറുടെ
തെരുവോരങ്ങളും നാവുകളിൽ ഉറഞ്ഞു-
പോകുന്ന എല്ലിൻ കൂടുകൾക്കുള്ളിൽ
ഒരു മനുഷ്യ ജീവന്റെ
നില കൊള്ളുന്നു....
അവരുടെ തണുത്ത സിരകളിൽ
ചുടു രക്തമൊഴുകുന്ന..
ആരും ആ വിളികൾ
കേൾക്കുന്നില്ല...
വിശപ്പ് വെറും അക്ഷരക്കൂട്ടത്തിൽ
മാത്രമായ് ഒതുങ്ങുന്നതല്ല....
പ്രകൃതിയെ തന്നെ നശിപ്പിക്കുന്നത്

ചിലരെ സ്വാർത്ഥമനസ്സുകളോ
നെറുകയിലെ നൂലുകൾ അവഗണിക്കുന്ന...
നിർദ്ദയത്തെയൊരിടത്തും...
ഈ തെരുവിലാണവരുടെ കഥ...
ഈ തെരുവിലാണവരുടെ ജീവൻ...
അവർ അനാഥരല്ല...
വിശപ്പിനാലവരുടെ കുടൽപിടയുന്ന നേരം
ആ കുഞ്ഞുമിഴിയിലൂടൊഴുകുന്ന കണ്ണീർ മാത്രം...
കൊഴിഞ്ഞുവീണലയുന്ന കണ്ണീർപ്പൂവു
പോലിവരുടെ ജീവിതം...

ഇനി അവരുടെ സ്വപ്നമുണരണം...
ഇനി അവരുടെ സ്വപ്നമറിയണം...
കാലത്തിന്റെ കുതിവരയിലൊരു
മൊട്ടു പോലവരും നിലകൊള്ളുന്ന
എന്നതീ ലോകമറിയണം...
ഇനി അവർ പറയട്ടെ...

-നീണ്ട മുടിക്കെട്ടുകളിളക്കി, ചുരുണ്ട
മെത്തപ്പൂങ്കുലകളെറിഞ്ഞുടച്ച്, അവൾ നൃത്തത്തിനൊരുങ്ങി···
'ഈ ഇരുട്ട് ലോകത്തിൽ,
എനിക്ക് ശ്വാസം മുട്ടുന്നു···'
വാക്കുകളെ കീറച്ചേലയിലൊതുക്കി,
ഒന്നുമതെ, അവൾ കാത്തിരുന്നതിൽ...
ലോകമവിടെയും അറുത്തു മാറ്റാൻ വരും···
-മൗനത്തിൽ, മുറിഞ്ഞ മനസ്സോടെ ഒരു ചോദ്യമവൾ···
നീല ദളമേ····· വരണ്ട തൊണ്ടക്കുഴിയിൽ, വിഷം
തിന്നിട്ടെന്തേ മറുമൊഴിയൊന്നും മൊഴിഞ്ഞില്ല...?
നഗ്നമായ വൃക്ഷത്തലപ്പുകളിലും,
നൃത്തമാടുമോ...?
മുറിവേറ്റ പെൺവിത്തുകളിന്ന് തളിർക്കുമോ?
മൃദുമുറിയ വിരലുകൾ വലിഞ്ഞുമുറുകുമോ?
"സൈബർവനത്തലപ്പുകൾ തലയാട്ടുകയാണ്···
കണ്ണീരെല്ലാം വെണ്ണീറാക്കി ഒരുപറ്റം ജനങ്ങളും···
ഇരുളെടുത്ത കിനാക്കൾ തുന്നിക്കെട്ടിയവർതൻ
കീറിയ ചിറകൊന്നുവിടർത്തണം···

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ഉടുപുടവയ്ക്കുമവർതൻ മേനി,
വെൺതൂവലാൽ മൂടിക്കെട്ടുമ്പോഴും,
ചോരനിറമേർത്ത് ചേർത്തുപിടിക്കുമ്പോഴും, ഇനിയവർ തേടിയെത്തും---
അനാദികൾ, അരുവികൾ, ചുഴികൾ---

സ്വർമരത്തോപ്പിൽ കാത്തിരിപ്പാണ് ഞാൻ--
ചൂരൽ ഇതളുമായ്---പ്രാണനുമായവർ--
ഒപ്പം അന്നുമൊരു വെള്ളിപ്രാവിനെയോ---

അപ്പോൾ നിങ്ങൾ ചോദിക്കും---
ദൂരെയെങ്ങോ പറന്ന വാക്കുകൾ,
നിന്റേതല്ലയോ എന്ന്--
അതവരുടേതാണ്---മണ്ണിന്റെ മക്കളുടെ---!

എനിക്ക് വാക്കുകൾക്കൊരു
പിറവി നൽകാനായില്ല---
“തൊട്ടുരുമ്മി കുറുകാനെ
അറിയൂ---”

*സ്വർമരങ്ങൾ: ദേവതാരു

# പറയാൻ കാത്തുവെച്ച വചനങ്ങൾ

മാന്ത്രികമായി അനേകം വചനം ഓർമയിൽ നിന്നും പിറക്കുന്നു,
അത്യാരൂഢമായ ചിന്തകളിൽ സ്തുതി ഗീതങ്ങൾ കോർത്തില്ലേ
തരിശുനിലങ്ങളെ പൂവനമാക്കാൻ വന്നവരാണോ തൊഴിലാളികൾ,
തൊഴിലാളി വർഗം അടിവെച്ചുയരുന്നത് അറിഞ്ഞതില്ലേ.
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറയട്ടെ, അവരും പറയട്ടെ.

കാൽ കുളമ്പടി കേട്ട നേരം ദിക്കെങ്ങും കിടിലം കൊള്ളുന്നു
ആത്മവിശ്വാസമാം ആയുധങ്ങളിൽ മുങ്ങിക്കുളിച്ചവരാണോ അവർ
മുതലാളികൾ ചുട്ടെരിച്ചു കളഞ്ഞൊരാ അവർതൻ പൂങ്കിനാവുകൾ,
ഭയന്നുവിറച്ചു കഴിയുന്നു, ഓരോ നിമിഷവും ജീവിതത്തിൽ
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറയട്ടെ, അവരും പറയട്ടെ.

നാട്ടു പൂത്തിയ മനസ്സിൽ നിജ്ജ്വാലങ്ങളി പടരുന്നിതാ നേരവും,
ഉൽക്കണ്ഠമാകുന്നു പ്രകാശവീഥികൾ കാൽപെരുമാറ്റങ്ങൾ കേട്ടതോ
ഗാന സാഗരം നീന്തി പറക്കുന്ന കിളിയെ പോലെയായി ഞാനും
മുഖംമൂടിയാർക്കളെ തുരത്തിയോടിക്കാനായി ആരുമില്ലേ?
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറയട്ടെ, അവരും പറയട്ടെ.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

Item Code: 639    Participant Code: 352.

തൊഴിലാളി വർഗ്ഗം കൈകോർക്കുന്നിതാ മുതലാളിത്തം തുലഞ്ഞിടാനായി,
ഒറ്റ ചാലായി മുതലാളി വർഗ്ഗത്തെ കീറിമുറിക്കാനായി അവർ വരുന്നു.
നിരവധി ദുരിതങ്ങൾ താണ്ടില്ലേ, ഇനി ഒന്നും താങ്ങാൻ കഴിയത്തില്ലേ
ജീവിതമായ ചെന്താമരകളും ചെളിവെള്ളമതിലാവുമാണേ
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറയട്ടെ, അവരും പറയട്ടെ

ശബ്ദമുയർത്തി അവർ, തങ്ങളുടെ വംശത്തെ കാത്തിടാനായി,
സ്വപ്നങ്ങളേകുന്ന കടലാസുകളിൽ അതിലൂടെ കവിതകൾ വരച്ചിടുന്നു.
~~തൊഴിലാളി~~ [കള്ളന്റ്] ~~നിൽക്കി~~ [തുറന്നു] ഞാൻ നോക്കവേ പരിതാപമായി പറന്നിരുന്നു
മണിവീണ തൊട്ടെടുത്തു പാടി, മധുരമാം സ്വരങ്ങൾ വരുന്നില്ലേ
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറയട്ടെ, അവരും പറയട്ടെ

ജനാലപ്പാളി നീക്കി ഞാൻ നോക്കവേ മുതലാളി വർഗ്ഗം മുന്നിലെത്തി
കവാടം മെല്ലെ തുറന്നു ഞങ്ങൾ കാര്യമെന്തെന്നു തിരക്കിയപ്പോൾ
ക്ഷമാപണം നടത്തി മുതലാളികൾ, ഞങ്ങൾ വിജയിച്ചുവല്ലോ
പേടിച്ചു വരണ്ടു നിന്നിടല്ലേ, പോരാടി, പോരാടി നിന്നിടേണേ!
ഇനി ഞാൻ പറയട്ടെ, ഞങ്ങൾ പറഞ്ഞു, അവരും പറയട്ടെ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

തോൽവികളിൽ നിന്ന് വിജയത്തിലേക്ക് അടിവെച്ചുയരട്ടെ
ഒത്തു പിടിച്ചാൽ മലയും പോരും, ഒന്നു ചേർന്നു നിന്നിടണേ
സ്വാതന്ത്ര്യസ്വപ്നം താലോലിക്കുന്നിതാ തൊഴിലാളികൾ ഒന്നടങ്കം
പോരടിച്ചും പിന്തിരിയാതെ അഹിംസ ഗുണപാഠമാക്കിടട്ടെ!
ഇനി ഞങ്ങൾ പറയും, അവരും പറയും, ഞാനും പറയും.

തിരുത്തിക്കുറിച്ച ജീവിതത്തിൽ പോരായ്കയില്ല; കുറ്റമില്ല
കാലചക്രം അതിവേഗം അതിവേഗം കുതിച്ചുയരുന്നിതാ
അമ്മമഹിക്കെതിരെ തീക്കനൽ വാരി വിതറരുതേ
പൊരുതിടാം ഒന്നിച്ചു ദുരിതങ്ങളെ, പറയാൻ കാത്തുവെച്ച
വചനങ്ങളെ!

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 333

# ഇനി അവർ പറയട്ടെ

മാനം വെളുത്തു , കാർമുകിൻ യാത്രയായ്...
പിന്നെയും ശാന്തമായ് , കുളിർ
-തെന്നൽ വീശിയെ ;

കാലത്തിൻ ചടുലമാം ചലനത്തിൻ
അടർന്നു പോയ് പ്രാധാന്യങ്ങളും ,
ഇനിയില്ലാ ആ പാവം മൃഗങ്ങളും,
ആനന്ദപൂരിതമാം ഗൃഹം
ഇന്നിതാ ശ്മശാനമായി !...
കാലയവനികയ്ക്കപ്പുറം
മറഞ്ഞുപോയ് പലവരും...

ഉന്നതന്മാരുടെ പണക്കൊതിയിൽ
പണയമായാ പാവം ജനങ്ങളും ,
ഭൂമിയാം മാതാവിൻ കോപത്തിൻ
മുന്നിൽ ഉരുകി പോയ നിമിഷവും

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

Item Code: 639 Participant Code: 333

എല്ലാം കടന്നു പോയി...

ആരുടെയോ കർമ്മത്തിൻ ഫലമതോ
പാവങ്ങൾക്കു മേലല്ലോ
വർഷിച്ചത്....
പ്രിയതമന്റെ ചിറകിനടിയിൽ
നിന്നും വേർപെട്ടവർക്കെല്ലാം
ഇനിയാരുണ്ട്? പ്രിയരുടെ ചിതയ്ക്കരികിൽ
കണ്ണീരുവറ്റിയവരും പിഞ്ചോമനകളും
വെറും പച്ചമാംസമായ്!
ജീവന്റെ തുടിപ്പുകളറ്റ് ബാക്കിയായി

പറയൂ:... മനുഷ്യജന്മങ്ങളേ
നിന്നാർത്തിക്കു ഫലം അനുഭവിക്കുന്നതാര്
കേൾ; അപരന്റെ അന്നമായ്
വെന്തെരിയുമാ പാവങ്ങൾ
-ക്കിനി ആരുണ്ട്?
ക്രൂരനാവല്ലേ മനുഷ്യാനീ സ്വയം...
മനസ്സിലാക്കൂ ആ നഗ്ന സത്യം.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

നിന്റെയാ നീചകർമ്മത്തിൻ ഫലം
അനുഭവിക്കുന്നതാ പാവം 'ജീവികൾ'

മണ്ണിലും വെള്ളത്തിലും വിയർപ്പൊഴുക്കി,
ജീവിതമാം ഭാരം പേറുന്ന ആ
പച്ച മനുഷ്യർ തന്നെ പാവം ജീവികൾ...
നിർത്തൂ നിൻ ക്രൂരതകൾ...
അപരന്റെ രക്തം കുടിക്കാൻ
തീരാത്ത പോക്കു നിൻ പാതയിൽക്കൂടി...

ജീവിക്കട്ടെ... ആ പാവം ജീവികൾ
അവർ നയിക്കട്ടെ ജനലോകം,
പറയട്ടെ അവരുടെ ദുരിതങ്ങളും......
ആധുനികരണത്തിൽ മുങ്ങിത്താഴുന്ന
നിങ്ങളുടെ കർമ്മത്തെ പറ്റിയിനി
അവർ പറയട്ടെ.....
അവരുടെ ജീവിതം അവരുടേതുമാത്രമാ....
അവരും പറന്നുയരട്ടെ.....

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 335

## ഇനി അവർ പറയട്ടെ

കഥതൻ നറുനിലാവെട്ടം പകർന്നോരാൾ
ഹൃദയഭിത്തിയിലെന്തോ മന്ത്രമായുറഞ്ഞൊരാൾ
രൗദ്രഭാവങ്ങൾക്കുമപ്പുറം ഭീമനിൽ
സ്നേഹ കാരുണ്യ ഭാവം ചമച്ചോരാൾ
ആ നിളാതീരത്ത്, മൺസന്ധ്യകളിൽ
ആർദ്രമൊരു കഥാതന്തുവിൽ
മുത്തിനായ് മുങ്ങിയോൻ
നാലുകെട്ടിൻ മണ്ണിൽ,
ദയയെന്നു പേരിട്ട പെണ്ണിൻ,
സങ്കീർണ്ണമൊരു ജീവിതചിത്രം വരഞ്ഞൊരാൾ...
ഗായത്രിയാറിന്റെ തീരത്തു നിന്റെയാ-
കാലടികൾ ഞാൻ തിരഞ്ഞു പോകുന്നെന്റെ-
കവിതയ്ക്കുമൂർജ്ജം പകർന്ന മഹാരഥാ...
കഥകളോ പ്രാണനിലഗ്നി ചിന്തും
സ്നേഹഗാഥകൾ തൻ ലോല വീണമീട്ടും

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)